പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3569

15.03.2018 - ൽ മറുപടിക്ക്.

## മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (എ) : പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 50 സ്ഥാപനങ്ങൾ തുടങ്ങുകയും 300 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. സംരംഭകത്വ ബോധവത്കരണ പരിപാടികൾ 6 എണ്ണം നടത്തി. എൻടപ്രണേഴ്സ് സപ്പോർട്ട് സ്കീം പ്രകാരം 27 സ്ഥാപനങ്ങൾക്ക് 30 ലക്ഷം രൂപ സബ്സിഡി ധനസഹായം അനുവദിക്കുകയും ഈ യൂണിറ്റുകളിൽ 115 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. വ്യവസായ നിക്ഷേപക സംഗമം 2 എണ്ണം നടത്തിയിട്ടുണ്ട്. ഇതിലൂടെ 110 സംരംഭകരെ കണ്ടെത്തിയിട്ടുണ്ട്. 66 സ്ഥാപനങ്ങൾക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ബാങ്ക് വായ്പ ലഭ്യമായ യൂണിറ്റുകളിലൂടെ 350 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. 895 പേർക്ക് ഹാന്റ് ഹോൾഡിങ് സർവ്വീസുകൾ നൽകിയിട്ടുണ്ട്. 539 പുതിയ യൂണിറ്റുകൾ ആരംഭിച്ച് അതിലൂടെ 1040 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ ആകെ നിക്ഷേപം 3934 ലക്ഷം രൂപയാണ്. |
| (ബി) കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സർക്കാർ ഭൂമി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) : കൊച്ചാലുംമൂട് വ്യവസായ എസ്റ്റേറ്റിൽ ലഭ്യമായ ഭൂമി മുഴുവനും വ്യവസായികൾക്ക് അനുവദിച്ചിട്ടുള്ളതാണ്. |
| (സി) പ്രസ്തുത ഭൂമിയിൽ പൊതുമേഖലാ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.

കക/22/02